# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5475 18/11/2019-ലെ മറുപടിയ്ക്ക്

## അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ജെ. മാക്സി | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിലുള്ള പ്രധാന അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങൾ എന്തെല്ലാമെന്നറിയിക്കാമോ; ഇതുമായി ബന്ധപ്പെട്ട് വിവിധ സംസ്ഥാനങ്ങളുമായി എത്ര കേസ്സുകൾ കോടതികളിൽ നിലവിലുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | എ) പറമ്പിക്കുളം-ആളിയാർ കരാർ പദ്ധതി, ശിരുവാണി കുടിവെള്ള പദ്ധതി, മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട കാര്യം, കാവേരി നദീ ജല അവാർഡ്, നെയ്യാർ ജലസേചന പദ്ധതി എന്നിവയാണ് സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള പ്രധാനപ്പെട്ട അന്തർ സംസ്ഥാന നദീ ജല പ്രശ്നങ്ങൾ.<br>അന്തർ സംസ്ഥാന നദീ ജല പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് കേരളം കക്ഷിയായുള്ള 8 (എട്ട്) കേസ്സുകൾ നിലവിൽ ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലുണ്ട്. നെയ്യാറിൽ നിന്നും ജലം നൽകുന്നതുമായി ബന്ധപ്പെട്ട് തമിഴ്നാട് സർക്കാർ കേരളത്തിനെതിരായി 30/05/2012 ൽ ഫയൽ ചെയ്ത അസ്സൽ അന്യായം നം. 02/2012 (നെയ്യാർ ജല തർക്കം) , 2012-13 ജലവർഷത്തിൽ തമിഴ്നാട് കരാർ പ്രകാരം ജലം ലഭ്യമാക്കാത്തതിനെ തുടർന്ന് പി.എ.പിയുമായി ബന്ധപ്പെട്ട് കേരള സർക്കാർ തമിഴ്നാടിനെതിരായി 16/04/2013 ൽ ഫയൽ ചെയ്ത അസ്സൽ അന്യായം നം. 02/2013 (പറമ്പിക്കുളം ആളിയാർ പദ്ധതി) 26/09/2014 ൽ തമിഴ്നാട് സർക്കാർ കേരളത്തിനെതിരായി ഫയൽ ചെയ്ത അസ്സൽ അന്യായം നം. 04/2014 (മുല്ലപ്പെരിയാർ മെഗാ കാർ പാർക്കിംഗ് കേസ്സ്), കാവേരി നദീജല തർക്കത്തോടനുബന്ധിച്ച് കർണ്ണാടകയിലെ മേക്കേടത്ത് ജലസംഭരണിയുടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് തമിഴ്നാട് സർക്കാർ സുപ്രീം കോടതിയിൽ കർണ്ണാടകയ്ക്കെതിരെ 30/11/2018 ൽ കേരളത്തി |

നെയും കക്ഷി ചേർത്തു കൊണ്ട് ഫയൽ ചെയ്ത MA No.3127/2018 in CA 2453/2017, മുല്ലപ്പെരിയാർ ഡാം കേസ് O.S. No.3/2006 നോട് അനുബന്ധിച്ച് 01/03/2017 ൽ കേരള സർക്കാരിനെ കക്ഷി ചേർത്ത് തമിഴ്നാട് ഫയൽ ചെയ്ത Execution Petition No.28/2017, മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട് 15/11/2017 തീയതിയിലെ നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ (ദക്ഷിണ മേഖല) വിധിക്കെതിരായി തമിഴ്നാട് ഫയൽ ചെയ്ത CA 19581-19582/2017, അതോടൊപ്പം 08/05/2019 തീയതിയിൽ ഫയൽ ചെയ്ത Contempt Petition No.675-676/2019, മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട് അഡ്വ. റസ്സൽ ജോയ് ഫയൽ ചെയ്ത MA No.2219 / 2018 in WP(C)No.878/2017 എന്നിവയാണ് അന്തർ സംസ്ഥാന നദീജല വിഷയങ്ങളുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലുള്ള കേസ്സുകൾ.

ഇതിനു പുറമെ,മദ്രാസ് ഹൈക്കോടതിയുടെ മധുര ബെഞ്ചിൽ അന്തർ സംസ്ഥാന നദീ ജല പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് കേരളം കക്ഷിയായുള്ള 5 കേസ്സുകൾ നിലവിലുണ്ട്. ചെമ്പകവല്ലി ആനിക്കെട്ടിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതുമായി ബന്ധപ്പെട്ട് ശ്രീ. വി. രവിചന്ദ്രൻ സമർപ്പിച്ച WP(MD) No.1260/2015, ശ്രീ. ഭാസ്കരൻ സമർപ്പിച്ച WP(MD) No.2398/2015, ശ്രീ. മുത്തുവേലൻ സമർപ്പിച്ച WP(MD)No. 3601/2015 എന്നിവയും , മുല്ലപ്പെരിയാർ അണക്കെട്ടിനെ സംബന്ധിക്കുന്ന വിഷയങ്ങൾ ഉൾപ്പെടുത്തി തമിഴ്നാട് സർക്കാരിനോടൊപ്പം കേരളത്തെയും കക്ഷി ചേർത്തു കൊണ്ട് തമിഴ്നാട് പി.ഡബ്ല്യൂ.ഡി സീനിയർ എഞ്ചിനീയേഴ്സ് അസോസിയേഷൻ ഫയൽ ചെയ്ത റിട്ട് ഹർജി WP(MD) No.14190/2011, നദീ സംയോജനവുമായി ബന്ധപ്പെട്ട് ശ്രീ. പി. അയ്യാകണ്ണ് ഫയൽ ചെയ്ത റിട്ട് ഹർജി WP(MD) No.18059/2018 എന്നിവയും മദ്രാസ് ഹൈക്കോടതിയുടെ മധുര ബഞ്ചിന്റെ പരിഗണനയിലുള്ള കേസ്സുകളാണ്.

| | |
|---|---|
| (ബി) ഈ സർക്കാരിന്റെ കാലത്ത് മുല്ലപ്പെരിയാർ ഡാം ഉൾപ്പെടെ വിവിധ കേസ്സുകൾക്കായി എത്ര തുക ചെലവാക്കി യെന്ന് അറിയിക്കാമോ ; | ബി) ആകെ 3,49,77,915/- (മൂന്ന് കോടി നാല്പത്തിയൊൻപത് ലക്ഷത്തി എഴുപത്തി യേഴായിരത്തി തൊള്ളായിരത്തി പതി നഞ്ച് രൂപ) ചെലവാക്കിയിട്ടുണ്ട്. |
| (സി) 2014 മേയ് 7-ലെ സുപ്രീംകോടതി വിധി പ്രകാരം മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ടുപണിയുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെ യെന്ന് വ്യക്തമാക്കുമോ? | സി) ഭാരത സർക്കാരിന്റെ പരിസ്ഥിതി-വനം-കാലാവസ്ഥാവ്യതിയാനവും മന്ത്രാലയം 2018 നവംബർ 14-ന് മുല്ലപ്പെരിയാർ പുതിയ അണക്കെട്ടിന്റെ EIA പഠനത്തിനുള്ള Terms of Reference -ന് അംഗീകാരം നിബന്ധനകളോടെ നൽകുക യുണ്ടായി. പരിസ്ഥിതി ആഘാത പഠനത്തിനു ആവശ്യമായ അടിസ്ഥാന വിവര ശേഖരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതി നായി ഹൈദരാബാദിലെ പ്രഗതി ലാബ്സ് ആന്റ് കൺസൽട്ടൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയെയാണ് തെരെഞ്ഞെടുത്തിരിക്കുന്നത്. വിവര ശേഖരണവുമായി ബന്ധപ്പെട്ട് ആവശ്യ മായ സർവ്വേകൾ,പരിശോധനകൾ എന്നിവ പെരിയാർ സംരക്ഷിത വന മേഖലയ്ക്കുള്ളിൽ ഏറ്റെടുത്ത് ചെയ്യുന്ന തിനുള്ള നിബന്ധനകളോടെയുള്ള അനുമതി സംസ്ഥാന വനം വകുപ്പിൽ നിന്നും 20/04/2019 ന് ലഭിച്ചു.<br>പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതി യാനവും മന്ത്രാലയം, ചീഫ് വൈൽഡ് ലൈഫ് വാർഡൻ എന്നിവർ നൽകി യിട്ടുള്ള നിബന്ധനകൾ പാലിച്ചു കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സമയവും ബാങ്ക് ജാമ്യവും ജൂൺ 2020 വരെ നീട്ടിക്കിട്ടുന്നതിനും ആവശ്യ മായ അനുബന്ധ ഉടമ്പടികളിൽ എത്രയും വേഗം ഏർപ്പെട്ട് അടിസ്ഥാന വിവര ശേഖരണത്തിനായുള്ള ബന്ധപ്പെട്ട പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**